# പതിനാലാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3750 20.10.2016- ൽ മറുപടിക്ക്

## റെജി ബേബിയുടെ ആശ്രിതയ്ക്ക് പെൻഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.എം.എം. മണി** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | ഉടുമ്പൻചോല താലൂക്കിലെ പാറത്തോട് വില്ലേജ് ഓഫീസറായി ജോലി ചെയ്തുവരവെ മരണപ്പെട്ട റെജി ബേബിയുടെ ആശ്രിതയ്ക്ക് അദ്ദേഹത്തിന്റെ മരണാനന്തര സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (എ) | മരണപ്പെട്ട വില്ലേജാഫീസർ റെജി ബേബിയുടെ ആശ്രിതർക്ക് ഉടൻ അനുവദിച്ചു നൽകാൻ കഴിയുന്ന ടെർമിനൽ സറണ്ടർ 26/05/2016-ൽ ഉടുമ്പൻചോല താലൂക്കിൽ നിന്നും അനുവദിച്ചു നൽകിയിട്ടുള്ളതാണ്. |
| (ബി) | റെജി ബേബിയുടെ ആശ്രിതയ്ക്ക് പെൻഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഓരോ ഓഫീസുകളും സ്വീകരിച്ച നടപടികൾ, ഇതുമായി ബന്ധപ്പെട്ട ഫയൽ എത്തിയ തീയതി, നടപടി സ്വീകരിച്ച് അയച്ച തീയതി എന്നിവയുടെ വിശദാംശം നൽകാമോ; | (ബി) | റെജി ബേബിയുടെ ആശ്രിത പെൻഷൻ അനുവദിക്കുന്നതിനായി 02/02/2016-ൽ ഉടുമ്പൻചോല താലൂക്കിൽ അപേക്ഷ നൽകിയിരുന്നതും എന്നാൽ പെൻഷൻ അനുവദിക്കുന്നതിനായി ടിയാന്റെ മരണസർട്ടിഫിക്കറ്റ്, അനന്തരവകാശ സർട്ടിഫിക്കറ്റ്, കുട്ടികളുടെ ജനനത്തീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് എന്നിവ ഒന്നും അപേക്ഷയോടൊപ്പം ഹാജരാക്കാതിരുന്നതിനാൽ ഉടുമ്പൻചോല താലൂക്ക് ഓഫീസിൽ നിന്നും അപേക്ഷകയുമായി ബന്ധപ്പെട്ട് ടി രേഖകൾ ലഭ്യമാക്കി ഉടുമ്പൻചോല താലൂക്ക് ഓഫീസിൽ നിന്നുള്ള പെൻഷൻ പ്രൊപ്പോസൽ 14/10/2016-ൽ ഇടുക്കി കളക്ടേറ്റിൽ ബന്ധപ്പെട്ട സെക്ഷനിൽ ലഭിക്കുകയും വിശദമായ പരിശോധനയിൽ |

| | |
|---|---|
| | പെൻഷൻ പ്രൊപ്പോസലിൽ കാണപ്പെട്ട ന്യൂനതകൾ പരിശോധി... അടിയന്തിരമായി ലഭ്യമാക്കുന്നതിലേക്ക് നടപടി സ്വീകരിച്ചു വരുന്നതുമാണ്. |
| (സി) റെജി ബേബിയുടെ ആശ്രിതയ്ക്ക് ഓരോ ആനുകൂല്യങ്ങളും അനുവദിക്കുന്നത് സംബന്ധിച്ച ഫയൽ ഇപ്പോൾ ഏത് ഘട്ടത്തിലാണ്: | (സി) റെജി ബേബിയുടെ ആശ്രിതർക്ക ജി.പി.എഫ്. തുക അനുവദിക്കുന്ന... ലേക്ക് ഉടുമ്പൻചോല തഹസിൽദാരുടെ ശുപാർശ 06/10/2016-ൽ കളക്ടേറ്റിൽ ലഭിച്ചിട്ടുള്ളതും തുടർ നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. എസ്.എൽ.ഐ. തുക അനുവദിക്കുന്നതിലേക്ക് ഉടുമ്പൻചോല താലൂക്കിൽ നിന്ന് 29/09/2016-ൽ ജില്ലാ ഇൻഷ്വറൻസ് ഓഫീസിലേക്ക് തഹസിൽദാർ കത്ത് അയച്ചിട്ടുള്ളതാണ്. |
| (ഡി) നാളിതുവരെ പെൻഷൻ അനുവദിച്ച് നൽകാതിരിക്കാനിടയായ സാഹചര്യം വിശദീകരിക്കാമോ: | (ഡി) 14/10/2016-ൽ ആണ് കളക്ടേറ്റിലെ സർവ്വീസ് പെൻഷൻ കൈകാര്യം ചെയ്യുന്ന സെക്ഷനിൽ ഇതു സംബന്ധിച്ച പ്രൊപ്പോസൽ ലഭിച്ചിട്ടുള്ളത്. വിശദമായ പരിശോധനയിൽ കാണപ്പെട്ട ന്യൂനതകൾ പരിഹരിക്കുന്നതിലേക്ക് നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |
| (ഇ) ഇവർക്ക് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ എന്നത്തേക്ക് കൊടുത്തു തീർക്കാൻ കഴിയും: വിശദാംശം വെളിപ്പെടുത്തുമോ? | (ഇ) ഉടുമ്പൻചോല തഹസിൽദാറിൽ നിന്നും ന്യൂനതകൾ പരിഹരിച്ച പെൻഷൻ പ്രൊപ്പോസൽ ലഭ്യമാക്കി ഇടുക്കി ജില്ലാ കളക്ടറുടെ ഓഫീസിൽ നിന്നുള്ള നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തിയാക്കി അക്കൗണ്ടന്റ് ജനറൽ കേരള തിരുവനന്തപുരത്തിന് അയച്ച് കൊടുക്കുന്നതാണ്. പെൻഷൻ ആനുകൂല്യങ്ങൾ അക്കൗണ്ടന്റ് ജനറൽ അംഗീകരിച്ച് വരുന്ന മുറയ്ക്ക് ടി ആനുകൂല്യങ്ങൾ നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**